## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 3412 — 29.01.2014-ലെ മറുപടിക്ക്

## പദ്ധതിച്ചെലവിനായി അനുവദിച്ച തുക

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.രാജു | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നടത്തിപ്പിനായി 2013-14 സാമ്പത്തിക വർഷം എത്ര ഗഡുക്കളായി എന്ത് തുക ഏതൊക്കെ മാസങ്ങളിൽ കൈമാറിയെന്ന് വ്യക്തമാക്കുമോ ; | എ) പ്രാദേശിക സർക്കാരുകളുടെ പദ്ധതി നടത്തിപ്പിനായി 2013-14 വർഷം വികസന ഫണ്ടിനത്തിൽ 10 ഗഡുക്കളായി 3002,76,20,000/- രൂപ (2013 മേയ് മാസം മുതൽ 2014 ഫെബ്രുവരി മാസം വരെ) റിലീസ് ചെയ്തിട്ടുണ്ട്. ഇതു കൂടാതെ 2013-14 സാമ്പത്തിക വർഷം 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് തുകയായി 673,70,30,000/- രൂപ 2013 നവംബർ, 2014 ജനുവരി എന്നീ മാസങ്ങളിൽ അനുവദിച്ചിട്ടുണ്ട്. |
| ബി) പദ്ധതി രൂപീകരണ പ്രക്രിയ സമയബന്ധിതമായി പൂർത്തീകരിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധിക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br>സി) എങ്കിൽ ഈ വസ്തുത സർക്കാർ പരിശോധിക്കുമോ ;<br>ഡി) ഇതുമൂലം അനുവദിച്ചു കിട്ടിയ തുക പഞ്ചായത്തുകൾക്ക് ചെലവഴിക്കാൻ കഴിയാത്ത അവസ്ഥ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | ബി, സി) & ഡി)<br>വികേന്ദ്രീകൃതാസൂത്രണം നടപ്പിലാക്കിയ വർഷങ്ങൾ പരിശോധിക്കുമ്പോൾ ഏറ്റവും വേഗത്തിൽ വാർഷിക പദ്ധതി രൂപീകരണം പൂർത്തിയാക്കാൻ ഈ വർഷം കഴിഞ്ഞിട്ടുണ്ട്. ചെലവഴിക്കാൻ സാധിക്കാത്ത അവസ്ഥ നിലവിലില്ല. |

സെക്ഷൻ ഓഫീസർ